## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5754 — 02.07.2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷന് സംസ്ഥാനത്ത് ജില്ലാ-തലങ്ങളിൽ എന്തു സംവിധാനമാണ് നിലവിലുള്ളത്; | (എ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിലുള്ള ജില്ലാ ഓഫീസുകളിൽ 2010–ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അന്യ സംസ്ഥാന തൊഴിലാളിക ൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അന്യ സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ പരിക്ക് പറ്റിയ തൊഴിലാളിയ്ക്ക് ശരിയായ ചികിത്സ ഉടമ നൽകുന്നുവെന്ന് ഉറപ്പ് |

വരുത്തുന്നുമുണ്ട്. കേരളത്തിൽ വച്ച് മരണമടയുന്ന തൊഴിലാളികളുടെ ഭൗതികശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് ധനസഹായം അർഹതപ്പെട്ട അനന്തരാവകാശിയ്ക്ക് നൽകുന്നുണ്ട്. ആശ്രിതർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ടി നിയമനടപടി സ്വീകരിക്കുന്നതിന് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ സ്ഥലത്തുവച്ച് മരണപ്പെട്ടാൽ മതിയായ നഷ്ടപരിഹാരവും ആനുകൂല്യങ്ങളും നൽകുവാൻ വ്യവസ്ഥ ചെയ്യുന്ന വിധത്തിൽ നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ?

തയ്യാറാണ്. അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ വേണ്ടി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനു കീഴിലുള്ള 2010 ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തുന്നുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികൾ കേരളത്തിൽ മരണപ്പെടുകയാണെങ്കിൽ അവരുടെ ഭൗതികശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് നടപ്പാക്കുന്ന 2010–ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരം തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ്, പുതുശേരി, കാരയ്ക്കൽ, യാനം, മാഹി, ഗോവ എന്നിവിടങ്ങളിലേയ്ക്ക് 5,000/- രൂപയും മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്,

ഗുജറാത്ത്, ഛത്തീസ്ഘട്ട്, ഒഡീഷ, ദാമൻ ദ്യൂ, ലക്ഷദ്വീപ് എന്നിവിട ങ്ങളിലേയ്ക്ക് 7500/- രൂപയും രാജസ്ഥാൻ, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, ഉത്തരാഞ്ചൽ, ബീഹാർ, ഝാർഖണ്ഡ്, പശ്ചിമബംഗാൾ, ഡൽഹി എന്നിവിടങ്ങളിലേയ്ക്ക് 10,000/- രൂപയും ജമ്മു കാശ്മീർ, സിക്കിം, അസ്സാം, മേഘാലയ, ത്രിപുര, അരുണാചൽപ്രദേശ്, നാഗാലാന്റ്, മിസ്സോറാം, മണിപ്പൂർ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലേയ്ക്ക് 15,000/-രൂപയും ധനസഹായമായി അർഹതപ്പെട്ട അനന്തരാവകാശിയ്ക്ക് നൽ കുന്നുണ്ട്.

ആശ്രിതർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ടി നിയമനടപടി സ്വീകരിക്കുന്നതിന് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ.